# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 4141 27.06.2012-ൽ മറുപടിയ്ക്ക്

## പട്ടികജാതി വകുപ്പിന്റെ കീഴിൽ മെഡിക്കൽ കോളേജ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ:<br>ശ്രീ. വർക്കല കഹാർ:<br>ശ്രീ. പി.എ. മാധവൻ:<br>ശ്രീ. വി.പി. സജീന്ദ്രൻ: | ശ്രീ. എ. പി. അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ | പട്ടികജാതി വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് മെഡിക്കൽ കോളേജ് തുടങ്ങുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എവിടെ; | എ | ഉണ്ട്. പാലക്കാട് ജില്ലയിൽ |
| ബി | മെഡിക്കൽ കോളേജ് തുടങ്ങുവാൻ അനുയോജ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | ബി | പാലക്കാട് ഇന്ത്യൻ ടെലിഫോൺ ഇൻഡസ്ട്രീസിനു വേണ്ടി പൊന്നും വിലയ്ക്കെടുത്ത് ഇപ്പോൾ ഉപയോഗ ശൂന്യമായി കിടക്കുന്ന 72.77 ഏക്കർ സ്ഥലത്ത് നിന്നും മെഡിക്കൽ കോളേജിന് ആവശ്യമായി വരുന്ന ഭൂമി ലഭ്യമാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |
| സി | ആയതിന്റെ പ്രാരംഭ പ്രവൃത്തികൾക്കായി തുക അനുവദിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ? | സി | പാലക്കാട് ജില്ലയിൽ ആരംഭിക്കാൻ പോകുന്ന മെഡിക്കൽ കോളേജിന്റെ പ്രാരംഭ ചിലവുകൾക്കായി 6/6/12 ലെ സ.ഉ.(ആർ.റ്റി) നമ്പർ: 818/12/പജപവവിവ പ്രകാരം 5 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. |

Sd/- K.J

സെക്ഷൻ ഓഫീസർ